## അദ്ധ്യായം 5

# യേശു എല്ലാം പുതിയതാക്കുന്നു

വാക്യങ്ങൾ:-

| | |
|---|---|
| 01-11 | യേശുവിന്റെ ആദ്യ ശിഷ്യന്മാർ. |
| 12-16 | കുഷ്ഠ രോഗിയെ സൗഖ്യമാക്കുന്നു. |
| 17-26 | പക്ഷവാത രോഗിയെ ശാരീരികമായും ആത്മീയമായും സൗഖ്യപ്പെടുത്തുന്നു. |
| 27-32 | ലേവിയെ വിളിക്കുന്നു. |
| 33-39 | ഉപവാസത്തെ കുറിച്ചുള്ള പ്രശ്നം. |

സ്വർഗ്ഗീയ പിതാവ് യേശുവിനെ ഈ ലോകത്തിൽ എന്തിനായി അയക്കുകയും, പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യുകയും ചെയ്തുവെന്ന് നാലാം അദ്ധ്യായത്തിൽ തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ യേശു പ്രസ്താവിച്ചു. യെശയ്യാ പ്രവാചകൻ പറയുന്നതുപോലെ, തങ്ങളെ ബന്ധിച്ചു ദൈവത്തിൽ നിന്നകറ്റി നിർത്തുന്ന എല്ലാ ദോഷങ്ങളിലും, ഉപദ്രവങ്ങളിലും നിന്ന് മനുഷ്യരെ രക്ഷിക്കുകയും, വിടുവിക്കയും ചെയ്യുന്ന സദ്വർത്തമാനം പ്രസംഗിക്കുവാൻ അവൻ വന്നു. മനുഷ്യരെ ശാരീരികമായും മാനസികമായും സൗഖ്യമാക്കിയും, ദൈവരാജ്യം അഥവാ ദൈവത്തിന്റെ ഭരണം സമീപിച്ചിരിക്കുന്നുവെന്ന സദ്വർത്തമാനം പ്രസംഗിച്ചും അവൻ എങ്ങനെയിത് പ്രവൃത്തിയിൽ കാണിക്കുവാൻ തുടങ്ങിയെന്ന് നാം പിന്നെ കാണാനിടയായി.

തങ്ങളുടെ കുറവുകളെ കുറിച്ചു ബോധവാന്മാരാക്കുകയും അതിൽ യേശുവിന് സഹായിക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അവനിൽ നിന്നു പുതിയ ഉന്മേഷവും, സന്തോഷവും, പ്രത്യാശയും, വിശ്വാസവും ലഭ്യമാകുന്നു. അങ്ങനെ ആവശ്യക്കാർക്ക് സഹായം നീട്ടുന്ന യേശുവിനെ ഈ അദ്ധ്യായത്തിൽ നമുക്ക് കാണാൻ കഴിയുന്നു. പ്രത്യേകിച്ച് തങ്ങളുടെ പാപ പൂർണ്ണത അറിഞ്ഞു സമ്മതിച്ച (വാക്കുകൾ 8, 30-32 നോക്കുക) **"പാപികളെ"**യാണ് പാപത്തിൽ നിന്നും വിടുതൽ പ്രാപിപ്പാൻ അവൻ സഹായിച്ചത്.

എന്നാൽ യേശുവിന്റെ പ്രവർത്തനങ്ങളിൽ സന്തോഷിക്കയോ അതു നിമിത്തം സഹായം ലഭിക്കുകയോ ചെയ്യാത്തവരായി പലരും ഉൺടായിരുന്നുവെന്ന് നാം കാണുന്നു. യഥാർത്ഥത്തിൽ അവർ അവനെ സംശയിക്കുകയും അവനെതിരായി സംസാരിക്കുകയും ചെയ്തു. അവർ പരീശന്മാരും ശാസ്ത്രിമാരുമായിരുന്നു (വാ. 17, 21, 30). മതപരമായ നിയമങ്ങളും,

കർമ്മങ്ങളും വിട്ടു വീഴ്ചയില്ലാതെ അനുസരിക്കുന്നതിൽ നിർബന്ധമുള്ള ഒരു യഹൂദ വിഭാഗമായിരുന്നു പരീശന്മാർ (അദ്ധ്യായം 11: 38, 42; 18: 11, 12 ഇവ നോക്കുക). ശാസ്ത്രിമാർ അഥവാ നിയമ പണ്ഡിതന്മാർ പഴയനിയമ വേദഭാഗങ്ങൾ പഠിച്ചിട്ടുള്ള മത നിയമാദ്ധ്യാപകരായിരുന്നു (അദ്ധ്യായം 11: 46–52) നോക്കുക). എല്ലാ നിയമങ്ങളും, കർമ്മങ്ങളും അനുഷ്ഠിക്കുന്നവരാണെന്നും, അതിനാൽ തങ്ങൾ നീതിമാന്മാരാണെന്നും അവർ സ്വയം കരുതിപ്പോന്നു. തങ്ങളെ ഭരിച്ചിരുന്ന വിദേശീയ സർക്കാറിനു വേണ്ടി ചുങ്കം (കരം) പിരിക്കുകയും മറ്റും ചെയ്തു വന്ന ചുങ്കക്കാരെ 'പാപികൾ' എന്നു വിളിച്ചു ആക്ഷേപിക്കുക പതിവായിരുന്നു (വാക്യം 3: 12,13).

അഞ്ചാമദ്ധ്യായം മുഴുവനും വായിച്ച് താഴെ വിവരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക:-

1, ഈ പാഠത്തിന്റെ തലവാചകത്തിൽ പറയുന്നതുപോലെ എല്ലാം പുതിയതാക്കുന്ന ഒരുവനായി ഈ സംഭവ കഥകൾ യേശുവിനെ ചിത്രീകരിക്കുന്നു. താഴെ കാണുന്ന ഓരോ തലവാചകത്തിനും ശേഷം, അതിനു ചേരുന്ന വാക്യഭാഗം ഏതാണെന്നു ഈ പാഠത്തിന്റെ ആരംഭത്തിലുള്ള വാക്യഭാഗവുമായി താരതമ്യപ്പെടുത്തി എഴുതുക:-

(a) പുതിയ ശരീരം.

..............................................................................................................................

(b) പുതിയ ജീവിത പാതയെപ്പറ്റിയുള്ള നൂതന ഉപദേശം.

..............................................................................................................................

(c) ഒരു പുതിയ ആയുഷ്ക്കാല ജോലി.

..............................................................................................................................

(d) ഒരു പുതിയ യജമാനനോടുള്ള പുതിയ കൂറ്.

..............................................................................................................................

(e) ആത്മീകവും ശാരീരികവുമായ നവോന്മേഷം.

..............................................................................................................................

2. ആദ്യ ശിഷ്യന്മാരായി യേശു വിളിച്ച നാലാളുകളുടെ പേർ എഴുതുക?

..............................................................................................................................................

..............................................................................................................................................

3. നാലാമദ്ധ്യായത്തിൽ ശിമെയോനെപ്പറ്റി ഏതു വാക്യത്തിൽ പറഞ്ഞിരിക്കുന്നു?

............................................................................................................................................

4. യേശു രോഗികളെ സൗഖ്യമാക്കിയതു കൺട ജനങ്ങൾ അതേ ആവശ്യവുമായി കൂട്ടമായി സമീപിച്ചപ്പോൾ പ്രാർത്ഥിക്കാനായി എപ്രകാരം തനിയെ ദൂരെ വാങ്ങിപ്പോയെന്ന് 15, 16 എന്നീ വാക്യങ്ങളിൽ നാം വായിക്കുന്നു. ഇതേ കാര്യം 4-ാം അദ്ധ്യായത്തിൽ എവിടെ രേഖപ്പെടുത്തിയിരിക്കുന്നു?

..............................................................................................................................................

5. ആത്മ രക്ഷയുടെ സുവിശേഷ പ്രസംഗ ജോലിക്കു തടസ്സം ഉൺടാകാവുന്ന വിധം ജനക്കൂട്ടം ശാരീരിക രോഗ ശാന്തിക്കായി തന്റെ അടുക്കൽ തിങ്ങിക്കൂടാതിരിക്കാൻ യേശു സൗഖ്യമാക്കിയ കുഷ്ഠരോഗിയോടു എന്തു പറഞ്ഞു?

..............................................................................................................................................

..............................................................................................................................................

6. യേശു തന്നെപ്പറ്റി വിവരിക്കുവാൻ ഏതു പേർ ഉപയോഗിക്കുന്നു?

..............................................................................................................................................

നശിച്ചു പോകാതെ എന്നന്നേക്കും നിലനിൽക്കുന്ന ഒരു രാജ്യം ഉൺടാക്കുന്നതിന് വരാനിരിക്കുന്ന ഒരുവന് പഴയനിയമത്തിൽ (ദാനിയേൽ 7:13) ഉപയോഗിച്ചിരിക്കുന്ന സ്ഥാനപ്പേരാണത്. മനുഷ്യനിൽ നിന്ന് ജനിച്ച് (അ. 3:23-38), മനുഷ്യർക്കു വേൺടി ജീവിക്കുകയും, പ്രയത്നിക്കുകയും ചെയ്യുന്ന സാക്ഷാൽ മനുഷ്യനും കൂടെയാണ് താനെന്നു കാണിക്കുന്നതിന് ആ പേർ യേശു തനിക്കായി ഉപയോഗിച്ചിരുന്നു.

7. മുൻ അദ്ധ്യായത്തിൽ നാം ദർശിച്ച അതേ ശക്തി ഇവിടെ വീൺടും പ്രകടിപ്പിച്ചിരിക്കുന്നു.

   (a) താഴെ പറയുന്നവയിന്മേൽ തനിക്കുള്ള ശക്തി ഏതു വാക്യങ്ങളിൽ യേശു കാണിക്കുന്നു?

      (i) പ്രകൃതി ശക്തിയിന്മേൽ..........................................................................................

(ii) രോഗത്തിന്മേൽ..........................................................................................

(iii) പാപത്തിന്മേൽ ......................................................................................

(b) അത്ഭുതങ്ങൾ കണ്ട ജനങ്ങളിലുണ്ടായ പ്രതികരണങ്ങൾ ഏതെല്ലാം വാക്യങ്ങളിൽ പ്രതിപാദിക്കുന്നു?

.......................................................................................................................

.......................................................................................................................

.

(c) പ്രഥമ ദൃഷ്ടിയിൽ ഉടനെ ഫലം കാണാൻ കഴിയാത്ത ദൈവീക ശക്തിയുടെ.............................................................. ആണ് പാപമോചനം. ഈ അദൃശ്യ ശക്തി തന്നിൽ നിക്ഷിപ്തമാണെന്നു തെളിയിക്കാൻ വേറെ ഏത് ദൈവീക ശക്തി യേശു കാണിച്ചു?

.......................................................................................................................

.......................................................................................................................

8. സാധുക്കളേയും താണ നിലവാരത്തിൽ കഴിയുന്നവരേയും കൂടാതെ താഴ്മയുള്ളവരെക്കുറിച്ച് ദൈവത്തിനുള്ള വിചാരം ഈ പുസ്തകത്തിന്റെ ആദ്യം മുതൽ തന്നെ നാം കാണുന്നുണ്ടല്ലോ. ഇവിടെ ഏതു വാക്യങ്ങളിൽ അതു കാണിച്ചിരിക്കുന്നു?

.......................................................................................................................

9. താഴെ പറയുന്ന കാര്യങ്ങൾ ചെയ്കയാൽ യേശുവിനെ ആർ എതിർത്തു? (4, 5 എന്നീ ആദ്ധ്യായങ്ങളിൽ നോക്കുക).

(a) ദൈവരാജ്യം പ്രാപിക്കാൻ മനുഷ്യരെ യോഗ്യരാക്കിത്തീർക്കുകയെന്ന പിതാവിന്റെ ഇഷ്ടം നിവൃത്തിക്കാൻ യേശു തന്റെ ജോലി ആരംഭിച്ചപ്പോൾ

.......................................................................................................................

(b) ദൈവത്തിന്റെ രക്ഷാ മാർഗ്ഗം യഹൂദന്മാർക്കു മാത്രമല്ല; എല്ലാ ജനങ്ങൾക്കും വേണ്ടിയുള്ളതാണെന്ന് അവൻ പ്രഖ്യാപിച്ചതു കൊണ്ട്

.......................................................................................................................

(c) പാപങ്ങളെ മോചിക്കാനുള്ള അധികാരം തനിക്കുണ്ടെന്ന് യേശു അവകാശപ്പെട്ടതു കൊണ്ട്

.......................................................................................................................

(d) അവൻ ചുങ്കക്കാരും പാപികളുമായ മനുഷ്യരോടടുത്ത് പെരുമാറിയതു കൊൺട്

..............................................................................................................................

10. പാപികൾക്കു മോചനം നൽകുന്ന സുവിശേഷവുമായുള്ള അവന്റെ വരവും, തന്നെ പിൻതുടരാനുള്ള അവന്റെ ആഹ്വാനവും മുഖാന്തിരം, ഗോതമ്പിലുള്ള മണിയും പതിരും തരം തിരിക്കേൺടതുപോലെ, യേശു മനുഷ്യരെ തരംതിരിച്ച്, അദ്ധ്യായം 3: 17-ൽ അവനെപ്പറ്റി യോഹന്നാൻ പറഞ്ഞിരിക്കുന്നതിന്റെ നിവൃത്തി ആരംഭിക്കുന്നതായി നാം ഇവിടെ കാണുന്നു.

(a) യേശുവിന്റെ ശുശ്രൂഷ പത്രോസിലും ലേവിയിലും എന്ത് ഫലം ഉളവാക്കി? (വാ. 11, 28)

..............................................................................................................................

പരീശന്മാരിലും ശാസ്ത്രിമാരിലും ഉൺടാക്കിയ പ്രതികരണങ്ങളെന്ത്? (വാ. 21, 30, 33).

..............................................................................................................................

(b) യേശുവിന്റെ സാന്നിധ്യം പത്രോസിലെന്ത് മാറ്റമുൺടാക്കി? (വാ. 8)

..............................................................................................................................

പരീശന്മാരും, ശാസ്ത്രിമാരും എന്ത് നിരൂപിച്ചു? (വാ. 30, 32, അദ്ധ്യ. 18: 9)

(i) ..............................................................................................................

..............................................................................................................

(ii) ..............................................................................................................

..............................................................................................................

(c) കുഷ്ഠ രോഗിയും പക്ഷവാതക്കാരനെ കൊൺടു വന്നവരും യേശുവിനെപ്പറ്റിയുള്ള ധാരണ എപ്രകാരം കാണിച്ചു? (വാ. 12, 19, 20).

..............................................................................................................................

..............................................................................................................................

പരീശന്മാരും ശാസ്ത്രിമാരും എന്ത് ചിന്തിച്ചു? (വാ. 21)

..............................................................................................................................

..............................................................................................................................

11. ഉപവാസം, പ്രാർത്ഥന, നീതിമാന്മാരോടൊത്തുള്ള സഹവാസം മുതലായ മത കർമ്മങ്ങളാലും, അനുഷ്ഠാനങ്ങളാലും ഒരു മനുഷ്യന് നീതിമാനാകാൻ കഴിയുമെന്ന് പരീശന്മാരും, ശാസ്ത്രിമാരും കരുതി (വാ. 30,33). മറ്റു പ്രകാരത്തിൽ പറഞ്ഞാൽ – സ്വന്തം പ്രവൃത്തിയാൽ. എന്നാൽ മനുഷ്യന്റെ ഒന്നാമത്തേതും അതിപ്രധാനവുമായ ആവശ്യം പാപമോചനമാണെന്നും, മനുഷ്യർ നീതിമാന്മാർ ആകുന്നതു മാനസാന്തര ത്തിനായുള്ള ദൈവ വിളിയാലും അവനിലുള്ള വിശ്വാസത്താലും മാത്രമാണെന്ന് യേശു ഇവിടെ കാണിക്കുന്നു (വാ. 8, 20).

താഴെ പറയുന്ന കാര്യങ്ങൾ ഏതു വാക്യങ്ങളിൽ യേശു പറയുന്നു?

(a) പാപികളെ മാനസാന്തരത്തിലേക്കു വിളിക്കുവാൻ താൻ വന്നുവെന്ന്?

..............................................................................................................................

(b) പാപങ്ങളെ മോചിക്കുന്നതിനുള്ള ദൈവീക ശക്തി (അധികാരം) തനി ക്കുൺടെന്ന്?

..............................................................................................................................

(c) പാപികളായ മനുഷ്യർ തന്നിൽ വിശ്വസിച്ച് തന്നെ അനുഗമിക്കണമെന്ന്?

..............................................................................................................................

12. നീതിമാന്മാരായി ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുള്ള പഴയ സിദ്ധാന്തത്തിനും, താൻ നൽകുന്ന ദൈവരാജ്യത്തിന്റെ പുതിയ സിദ്ധാന്തത്തിനും തമ്മിലുള്ള വ്യത്യാസം വാ. 33–39 യേശു പറയുന്നു. പഴയതും പുതിയതും യോജിപ്പില്ല. പുതിയ സിദ്ധാന്തം സ്വീകരിക്കുകയെന്നത് ഒരു പുതിയ തുടക്കം കുറിക്കുന്നു. പുതിയ രീതി യിലുള്ള പെരുമാറ്റങ്ങളിൽ അത് സ്വയം കാണിക്കുന്നു.

(a) യേശുവിന്റെ ശിഷ്യന്മാരുടെ ആഹ്ളാദവും, ആനന്ദവും ഏതു വാക്യങ്ങളിൽ കാണിച്ചിരിക്കുന്നു?

..............................................................................................................................

(b) പഴയ മതസിദ്ധാന്തങ്ങളെ കൂട്ടിയിണക്കി അങ്ങനെ ഒരു പുതിയ സിദ്ധാന്ത ത്തിനു രൂപം നൽകുവാനല്ല താൻ വന്നതെന്ന് യേശു പറഞ്ഞത് എവിടെ രേഖ പ്പെടുത്തിയിരിക്കുന്നു?

..............................................................................................................................

(c) മനുഷ്യർ തങ്ങളുടെ പഴയ മാർഗ്ഗങ്ങളെ മാറ്റുവാൻ ഇഷ്ടപ്പെടുന്നില്ലെന്നു യേശു ഏതു വാക്യങ്ങളിൽ കൂടി പ്രസ്താവിക്കുന്നു?

..............................................................................................................................

## അദ്ധ്യായം 6

# ദൈവ രാജ്യത്തെപ്പറ്റിയുള്ള നവീന ഉപദേശം

വാക്യങ്ങൾ:-

| | |
|---|---|
| 01-5 | ശബ്ബത്തിന്റെ കർത്താവ്. |
| 06-11 | ശബ്ബത്ത് നാളിൽ സൗഖ്യമാക്കുന്നത്. |
| 12-16 | പന്ത്രണ്ട് ശിഷ്യന്മാരെ തെരഞ്ഞെടുക്കൽ. |
| 17-19 | അവന്റെ പ്രസംഗം കേൾക്കുന്നതിനും സൗഖ്യം . പ്രാപിക്കുന്നതിനും ജനങ്ങൾ കൂടുന്നു. |
| 20-24 | ദൈവരാജ്യത്തെ കുറിച്ച് ശിഷ്യന്മാരോട് സംസാരിക്കുന്നു. |
| 25-26 | സന്തോഷിക്കുന്നവർ ആരെന്നും സഹതപിക്കപ്പെടേണ്ടവർ ആരെന്നും. |
| 27-36 | സ്വയം പ്രദാനം ചെയ്യുന്ന സ്നേഹത്തിന്റെ തത്വം. |
| 37-44 | സ്വയം പരിശോധന. |
| 45-49 | രണ്ടു തരത്തിലുള്ള മനുഷ്യർ. |

അഞ്ചാം അദ്ധ്യായത്തിന്റെ അവസാനത്തിൽ പുതുവീഞ്ഞ് പുതിയ തുരുത്തിയിൽ അത്രേ പകർന്നു വെയ്ക്കേണ്ടതെന്ന ആവശ്യകതയെപ്പറ്റി യേശു പറയുന്നു. ഇതായിരുന്നു ആ രാജ്യത്തെ സാധാരണ പാനീയം. ദൈവരാജ്യത്തെക്കുറിച്ചുള്ള പുതുവീഞ്ഞാകുന്ന ഉപദേശം വാക്കിനാലും, പ്രവൃത്തിയാലും ഈ അദ്ധ്യായത്തിൽ യേശു നമുക്ക് കാണിച്ചു തരുന്നു.

ചില പ്രശ്നങ്ങൾ കൂടുതൽ വ്യക്തമായി ഈ അദ്ധ്യായത്തിൽ ലൂക്കോസ് നമ്മുടെ മുമ്പിൽ വരച്ചു കാട്ടുന്നു. കഴിഞ്ഞ അദ്ധ്യായത്തിൽ ആരംഭിക്കുന്ന എതിർപ്പുകൾ രൂക്ഷമായി തീരുന്നതായി ഈ അദ്ധ്യായത്തിൽ കാണാവുന്നതാണ്. മനുഷ്യർ തമ്മിലുള്ള തരം തിരിവും ഈ ലോകത്തിന്റേയും ദൈവരാജ്യത്തിന്റേയും മക്കൾ തമ്മിലുള്ള വ്യത്യാസവും യേശുവിന്റെ പ്രസംഗത്തിൽ പ്രതിപാദിക്കുന്നു. ഈ രണ്ടു മാർഗ്ഗങ്ങളിൽ ഏതാണു തെരഞ്ഞെടുക്കേണ്ടതെന്ന് വ്യക്തമാക്കുന്ന പരിതഃസ്ഥിതി യേശു വരച്ചു കാട്ടുകയും അതിലേക്കു നമ്മെ

ആനയിക്കുകയും ചെയ്യുന്നതായി അദ്ധ്യായത്തിന്റെ അവസാനത്തിൽ കാണുന്നു.

ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ പരീശന്മാരും, ശാസ്ത്രിമാരും യേശുവിനു വിരോധമായി നീങ്ങുന്ന ഒരു ചിത്രം കാണാവുന്നതാണ്. ദൈവ വചനം കേൾക്കുന്നതിനും ദൈവത്തെ ആരാധിക്കുന്നതിനും അവസരമുൺടാക്കുന്നതിന് ശബ്ബത്ത് നാളിൽ (ശനിയാഴ്ച) യഹൂദന്മാർ തങ്ങളുടെ സാധാരണ ജോലികളിൽ നിന്നും വിമുക്തരായിരിക്കണമെന്നുള്ളത് ദൈവം അവർക്കു നൽകിയിരുന്ന നിയമങ്ങളിൽ ഒന്നായിരുന്നു. മനുഷ്യന്റെ ശാരീരികവും, ആത്മീകവുമായ ആവശ്യങ്ങൾ വിസ്മരിച്ച് ശബ്ബത്തിന് പ്രാധാന്യം നൽകിക്കൊൺട് ആ ദിവസത്തിൽ യാതൊരു ജോലിയും ചെയ്യാതിരിക്കുന്നതിന് അവർ സർവ്വ പ്രാധാന്യം നൽകി. തങ്ങളുടേതായ പല നിയമങ്ങളും, വ്യാഖ്യാനങ്ങളും അവർ കൂട്ടിച്ചേർക്കുകയും, ഇപ്രകാരമുള്ള മാനുഷിക നിയമങ്ങൾ പാലിക്കുന്നതിൽ വിട്ടു വീഴ്ചയില്ലാതിരിക്കുന്നത് ദൈവ പ്രസാദകരമെന്ന് കരുതുകയും ചെയ്തു. ഇപ്രകാരമുള്ള ബാഹ്യമായ നിയമങ്ങളും കർമ്മങ്ങളും യേശു എതിർത്തു. എല്ലാ മനുഷ്യരോടും ദൈവം നിർലോഭമായി കാണിക്കുന്ന സ്നേഹം മനുഷ്യർ പരസ്പരം കാണിക്കേൺട "മത"മാണ് മനുഷ്യരുടെ നന്മക്കായി ശബ്ബത്ത് ഏർപ്പെടുത്തിയ ദൈവം ആഗ്രഹിക്കുന്നതെന്ന് അവൻ കാണിച്ചു.

1. "മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല, ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉൺടായത" എന്ന് മർക്കൊസിന്റെ സുവിശേഷത്തിൽ (2:27) യേശു പറഞ്ഞു. ഈ അദ്ധ്യായത്തിലെ ഏതു വാക്യത്തിനു ശേഷം മുൻ പറഞ്ഞ വാക്യം യോജിക്കുന്നതാണ്?

   ..............................................................................................................................................

2. ശബ്ബത്തിന്റെ അർത്ഥം വ്യാഖ്യാനിക്കുന്നതിനും, അതിന്റെ ഉദ്ദേശവും, ഉപയോഗവും നിശ്ചയിക്കുന്നതിനും ഉള്ള അധികാരവും തന്നിൽ നിക്ഷിപ്തമാണെന്നു യേശു ഏതു വാക്യത്തിൽ പറയുന്നു?

   ..............................................................................................................................................

3. സഹമനുഷ്യരോട് സ്നേഹം കാണിച്ചും അവന്റെ നീതിയുടെ സദാചാര നിയമം പാലിച്ചും തങ്ങൾ ദൈവത്തിന്റെ മക്കൾ ആണെന്നു യഹൂദന്മാർ സർവ്വ പ്രധാനമായി കാണിക്കാത്ത പക്ഷം ബന്ധപ്പെട്ട ആചാരങ്ങൾ ഉപയോഗ ശൂന്യമാണെന്നും, പഴയനിയമ കാലത്തിൽ വെറുക്കുന്നതാണെന്നും തന്റെ പ്രവാചകന്മാർ മുഖാന്തരം ദൈവം അവർക്കു മുന്നറിവു നൽകിയിട്ടുള്ളതാണ്.

താഴെ പറയുന്ന പ്രവൃത്തികളിൽ സദാചാര നിയമവുമായി ബന്ധമുള്ളവയുടെ അടിയിൽ വരയ്ക്കുക:-

(a) ഒരാടിനെ യാഗം കഴിക്കുക.
(b) മാട്ടിറച്ചി തിന്നാതിരിക്കുക.
(c) കോടതിയിൽ സത്യം പറയുക.
(d) ദൈവത്തിനു വഴിപാടായി മുടി കളയുക.
(e) തന്റെ കൈവണ്ടി ചെളിയിൽ കുടുങ്ങിയ ഒരുവനെ (കൂലിക്കാരനെ) സഹായിക്കുക.
(f) ഒരു ശിശുവിന് കുടിപ്പാൻ കൊടുക്കുക.
(g) ഒരു പുണ്യസ്ഥലത്തേക്ക് തീർത്ഥ യാത്ര പോവുക.
(h) രോഗിയായ ഒരു ഭിക്ഷക്കാരനെ ആശുപത്രിയിലെത്തിക്കുക.
(i) ദൈവനാമം ആയിരം തവണ ഉരുവിടുക.
(j) തനിക്കു പകർച്ച വ്യാധി ഉൺടായാൽ അയാൾ മറ്റുള്ളവരുടെ അടുക്കൽ ചെല്ലാതിരിക്കുക.

4. “നന്മ ചെയ്യാനറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ” എന്ന് യാക്കോബ് അപ്പോസ്തലൻ (4:17) എഴുതി. ഈ അദ്ധ്യായത്തിൽ ഏതു വാക്യത്തിൽ ഇതേ കാര്യം തന്നെ വ്യത്യസ്ത വാക്കുകളിൽ യേശു പറയുന്നു?

........................................................................................................................................

5. തന്നെ അനുഗമിച്ച ശിഷ്യന്മാരിൽ നിന്ന് 12 പേരെ അപ്പോസ്തലന്മാരായിരിക്കുന്നതിന് (“അയക്കപ്പെട്ടവർ”) യേശു തെരഞ്ഞെടുത്തു. ഈ പ്രധാന തെരഞ്ഞെടുപ്പു നടത്തുന്നതിനു മുമ്പ് യേശു എപ്രകാരം ഒരുങ്ങി?

........................................................................................................................................

6. നാലാം അദ്ധ്യായത്തിൽ ആരംഭിച്ചതായി കാണുന്ന സൗഖ്യമാക്കൽ ശുശ്രൂഷാ ജോലി ഇവിടെ യേശു തുടരുന്നു.

(a) അവൻ സൗഖ്യമാക്കുന്നതിനെപ്പറ്റി ഏതെല്ലാം വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു?

........................................................................................................................

(b) വാ. 17. വലിയ ജനക്കൂട്ടത്തെപ്പറ്റി അഞ്ചാമദ്ധ്യായത്തിൽ എവിടെ പറഞ്ഞിരിക്കുന്നു?

.......................................................................................................................................

(c) വാ.19 സൗഖ്യമാക്കുവാൻ കർത്താവിന്റെ ശക്തിയെപ്പറ്റി അഞ്ചാമദ്ധ്യായത്തിൽ എവിടെയെല്ലാം പറഞ്ഞിരിക്കുന്നു?

.......................................................................................................................................

7. 20–26 വചനങ്ങളിൽ യേശു രൺടു തരക്കാരായ ആളുകളെ താരമ്യം ചെയ്യുന്നു. അത് എടുത്തെഴുതുക. താഴെ പറയുന്ന വിധത്തിലുള്ളവർ "ഭാഗ്യവാന്മാർ".

.......................................................................................................................................

.......................................................................................................................................

.......................................................................................................................................

.......................................................................................................................................

താഴെ പറയുന്ന വിധത്തിലുള്ളവർക്കു "അയ്യോ കഷ്ടം".

.......................................................................................................................................

.......................................................................................................................................

.......................................................................................................................................

.......................................................................................................................................

8. ദൈവരാജ്യം അന്വേഷിച്ചു മനുഷ്യപുത്രനു വേൺടി (വാ.22) ജീവിക്കുന്നവരേയും ഈ ലോകത്തിലെ സന്തോഷം അന്വേഷിച്ചു തങ്ങൾക്കായി ജീവിക്കുന്നവരേയും യേശു ഇവിടെ താരമ്യം ചെയ്യുന്നു. 27–31 വരെയുള്ള വാക്യങ്ങൾ ദൈവരാജ്യത്തിന്റെ മക്കൾ എപ്രകാരം ജീവിക്കുകയും പ്രവൃത്തിക്കുകയും ചെയ്യുമെന്നു കാണിക്കുന്നു.

(a) തിന്മ ചെയ്യുന്നവരെ സ്നേഹിക്കുകയും, അവർക്കു നന്മ ചെയ്യുകയും അനുഗ്രഹിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നവരുടെ ഉദ്ദേശം എന്താണെന്നാണ് നിങ്ങൾക്കു തോന്നുന്നത്?

.......................................................................................................................................

(b) നമ്മുടെ സഹമനുഷ്യരോട് എങ്ങനെ പെരുമാറണമെന്ന മാർഗ്ഗ നിരദ്ദേശം ''സുവർണ്ണ നിയമം'' (Golden Rule) എന്ന് ഇതിലൊരു വാക്യത്തെ പറയുന്നു. ഏതു വാക്യം?

.......................................................................................................................................

(c) “b” ൽ പറഞ്ഞ വാക്യം അനുസരിച്ച് ഈ സ്വഭാവം (ക്രിസ്തുവിന്റെ സ്വഭാവം) എല്ലാ മനുഷ്യർക്കും ഉൺടായിരുന്നെങ്കിൽ ഈ ലോകമെങ്ങനെ ഉള്ളതായിരിക്കുമെന്നു നിങ്ങൾക്കു തോന്നുന്നു?

.................................................................................................................................

9. പ്രരികരണവും പ്രതിഫലവും ഇച്ഛിക്കുന്ന സാധാരണ മനുഷ്യ സ്നേഹവും നന്മ ചെയ്യുന്നതിനു മാത്രം ആഗ്രഹം ഉൾക്കൊൺട് തന്നെത്താൻ അർപ്പിക്കുന്ന ദൈവീക സ്നേഹവും തമ്മിലുള്ള വ്യത്യാസം 32-36 വരെയുള്ള വാക്യങ്ങളിൽ യേശു കാണിക്കുന്നു.

(a) സാധാരണ മനുഷ്യ സ്നേഹമെ മനുഷ്യന് ജന്മനായുള്ളൂ. എന്നാൽ മറ്റെ വിധത്തിലുള്ള സ്നേഹം എവിടെ നിന്നു വരുന്നു?

.................................................................................................................................

(b) സ്നേഹ സമ്പൂർണ്ണമായ തന്റെ കാരുണ്യം പിതാവായ ദൈവത്തെ കാണിക്കുന്നു?

.................................................................................................................................

(c) ദൈവത്തിന്റെ പാപികളോടുള്ള കരുണ അവനെ അവരുടെ പിതാവായി സ്വീകരിക്കുന്നവരിൽ സ്നേഹം ഉല്പാദിതമാകുന്നതു കൊൺട് അവർ........................ ..........................................................നേക്കാൾ കൂടുതൽ കൊടുക്കുന്നതിനെപ്പറ്റി ചിന്തിച്ചു കൊൺട് ദൈവത്തിന്റെ മക്കളാണെന്നു വെളിവാക്കുന്നു.

(d) ദൈവ സ്നേഹം ആദരിക്കുന്ന മനുഷ്യർ പ്രതിഫലം അന്വേഷിക്കുന്നില്ല; എന്നാൽ അവർക്കു വിലയേറിയ പ്രതിഫലം ലഭിക്കുന്നു. ഏതു വാക്യങ്ങളിൽ ഇതു രേഖപ്പെടുത്തിയിരിക്കുന്നു?

.................................................................................................................................

10. ഒരു നല്ല ജീവിതം നയിക്കണമെന്നുള്ള വെറും ഒരു പൊതുവായ ഉപദേശം അല്ല യേശുവിന്റെ ഈ പ്രസംഗമാകെ.

(a) യേശു ഈ വാക്കുകൾ ആരോടു പറഞ്ഞു?

.................................................................................................................................

(b) തങ്ങൾക്കായല്ല, മനുഷ്യ പുത്രനു വേൺടി ജീവിക്കുന്നു (വാ. 22, 23).

..................................................................................................................................

അപ്പോസ്തലന്മാരും പ്രവാചകന്മാരും ആയിരിക്കേൺടവരായിരുന്നു അവർ; മറ്റുള്ളവരിൽ നിന്നും സ്നേഹം ആശിക്കുന്നവരല്ല, മറ്റുള്ളവരിൽ സ്നേഹം ഉൺടാക്കുന്ന (35-36) ദൈവ മക്കളാകേൺടവരായിരുന്നു അവർ. ആത്മീകമായി അന്ധരായവരിൽ കുറ്റം കൺടു പിടിക്കുന്നവരല്ല, അവരെ സഹായിക്കേൺടവരായിരുന്നു അവർ. നയിക്കുന്നവരാകാൻ കഴിയുന്നതിനു മുമ്പ് അവർക്ക് സ്വയം കാണാൻ കഴിയണം. മറ്റുള്ളവരെ പുതുക്കുന്നതിനു മുമ്പ് അവർ പുതുക്കപ്പെടണം. ഇത് ഏതു വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു?

..................................................................................................................................

(c) 27-38 വരെയുള്ള വാക്യങ്ങളിൽ യേശു പറഞ്ഞതു പോലെ അവർ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെങ്കിൽ അപ്രകാരമുള്ള ഫലം കായ്ക്കാൻ ഏതു രീതിയിലുള്ള വൃക്ഷം ഉൺടായിരിക്കണം?

..................................................................................................................................

(d) എല്ലാ വാക്കുകളുടേയും, പ്രവൃത്തികളുടേയും ഉറവിടം എവിടെയാകുന്നുവെന്ന് യേശു പറയുന്നു?

..................................................................................................................................

(e) ഹൃദയം നന്മ നിറഞ്ഞതാണെങ്കിൽ അത് എപ്രകാരം വെളിപ്പെടും?

..................................................................................................................................

11. ജീവിതത്തിലെ എല്ലാ പ്രയാസങ്ങളിലും പരീക്ഷണങ്ങളിലും വീണു പോകാതെ ഉറച്ചു നിൽക്കാൻ തക്കവിധം യേശു തന്റെ ശിഷ്യരിൽ നിന്നും പ്രതീക്ഷിക്കുന്നതു പോലെ നമ്മുടെ ഹൃദയം അത്ര നല്ല നന്മകളെക്കൊൺട് എങ്ങനെ മാത്രം നിറയ്ക്കാൻ കഴിയുമെന്ന് അവസാന വാക്യങ്ങളിൽ യേശു പറയുന്നു.

(a) ഈ അദ്ധ്യായത്തിന്റെ അവസാന ഭാഗത്തിൽ ശിഷ്യത്വം വെറും വാക്കുകളിൽ മാത്രം പോരെന്ന് യേശു എവിടെ വ്യക്തമാക്കുന്നു?

..................................................................................................................................

..................................................................................................................................

(b) 47–ാം വാക്യത്തിൽ ഏതു മൂന്നു ക്രിയാപദങ്ങൾ യേശു ഉപയോഗിക്കുന്നു?

(i) ............................................................
(ii) ............................................................
(iii) ..........................................................

(c) പാറമേൽ വീടു പണിതവനെപ്പോലെയായിരിക്കുന്നതിന് ഏതു മൂന്നു കാര്യങ്ങൾ ആവശ്യമാണ്?

(i) ..........................................................
(ii) ..........................................................
(iii) ..........................................................

നമ്മെ ഭരിക്കുന്ന യഥാർത്ഥ കർത്താവ് യേശുവാണെന്ന് നാം എപ്രകാരം കാണിക്കും?

..............................................................................................................................

രണ്ടു മാർഗ്ഗങ്ങളേയും രണ്ടു തരക്കാരായ മനുഷ്യരേയും യേശു നമ്മുടെ മുമ്പാകെ വയ്ക്കുന്നു. നാം നമ്മെത്തന്നെ ശോധന ചെയ്യണമെന്ന് അവൻ പറയുന്നു. നമ്മുടെ വീടു പാറമേൽ പണിതതാണോ? യേശുവും അവന്റെ വചനവുമാണ് നാം വീട് പണിയേൺടതായ പാറ. അവനെ നമ്മുടെ കർത്താവായി കൈക്കൊള്ളുവാൻ ഒരുക്കമാണോ? ഉറച്ച ഒരു തീരുമാനം എടുക്കുന്നതിന് ഇനിയുള്ള അദ്ധ്യായങ്ങൾ നമ്മെ സഹായിക്കും.

—––––––––––––––––––

## അദ്ധ്യായം 7

# സൗഖ്യം തരുന്ന കർത്താവ്

വാക്യങ്ങൾ:-

| | |
|---|---|
| 01-10 | ഒരു വിദേശ സൈനികോദ്യോഗസ്ഥന് യേശുവിലുള്ള വിശ്വാസം. |
| 11-17 | മരിച്ചുപോയ ഒരു ബാല്യക്കാരനെ യേശു ഉയിർപ്പിക്കുന്നു. |
| 18-23 | യോഹന്നാൻ സ്നാപകന് യേശുവിന്റെ സന്ദേശം. |
| 24-35 | യേശു യോഹന്നാനെ പ്രശംസിക്കുകയും, അവിശ്വാസത്തെപ്പറ്റി മുന്നറിവു നൽകുകയും ചെയ്യുന്നു. |
| 36-50 | യേശുവും മാനസ്സാന്തരമുള്ള സ്ത്രീയും. |

യേശു തന്റെ പ്രസംഗവും, പ്രവൃത്തിയും മുഖാന്തരം നവീന തീരുമാനങ്ങളെടുക്കുന്ന ഘട്ടത്തിലേക്കു അപ്പുറം നയിക്കുന്നത് അവന്റെ ശുശ്രൂഷാ ജോലിയിൽക്കൂടി നാം അധിക മായി കാണുന്നു. രൺടു തരത്തിലുള്ള വ്യത്യസ്ത ജീവിതങ്ങൾ യേശു വരച്ചു കാട്ടിയതു നാം കഴിഞ്ഞ അദ്ധ്യായത്തിൽ കൺടു. ദൈവരാജ്യത്തെപ്പറ്റി പഠിപ്പിക്കുന്ന ഈ മനുഷ്യൻ നല്ല ജീവിതം നയിക്കണമെന്നുള്ള വെറുമൊരദ്ധ്യാപകനല്ലെന്ന് ഈ അദ്ധ്യായത്തിൽ കൂടുതൽ മനസ്സിലാക്കുന്നു. യേശു അതു ഉപദേശിക്കുക മാത്രമല്ല അതനുസരിച്ച് ജീവിക്കുകയും, അതു മനുഷ്യരിലേക്ക് കൊൺടു വരികയും ചെയ്തു. യേശു പ്രഖ്യാപിച്ചതായ ദൈവ വാഴ്ച യുടെ അനുഗ്രഹങ്ങൾ അവനിൽക്കൂടി മനുഷ്യരിലേക്ക് വന്നു കഴിഞ്ഞു. അവൻ തന്നെയും തന്റെ ദയയേയും സഹായിപ്പാനുള്ള കഴിവിനേയും പറ്റി കൂടുതൽ വെളിപ്പെടുത്തുന്നു. മനു ഷ്യരെ കഷ്ടപ്പെടുത്തുന്ന എല്ലാ ദോഷങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും സൗഖ്യം വരു ത്തുന്ന കർത്താവായി അവൻ തന്നെത്തന്നെ വെളിപ്പെടുത്തുന്നു.

ദൈവത്തേയും അവൻ സ്വയം വെളിപ്പെടുത്തുന്ന വിധത്തെയും മനുഷ്യരോടുള്ള ദൈവ ത്തിന്റെ ഇടപെടലിനെയും സംബന്ധിച്ച് അവരുടെ മനസ്സിൽ ഉറപ്പായി സ്ഥാപിച്ചിരിക്കുന്ന തെറ്റായ ധാരണകളാണ് ദൈവത്തിന്റെ സൗഖ്യമാക്കൽ മനുഷ്യർക്ക് ലഭ്യമാകാൻ തക്ക വിശ്വാ സത്തിന് ഒരു മുഖ്യ തടസ്സമായി നിൽക്കുന്നതെന്ന് യേശു ഈ അദ്ധ്യായത്തിൽ മൂന്നു പ്രാവശ്യം വെളിപ്പെടുത്തുന്നു. 30-35 വരെയുള്ള വാക്യങ്ങളിൽ യേശു താക്കീതു ചെയ്യുന്നതെന്തെന്നാൽ

ദൈവം എങ്ങനെയുള്ളവനായിരിക്കണമെന്നുള്ള ഉറപ്പായ ആശയങ്ങളിൽ മുറുകെ പിടിക്കുന്ന മനുഷ്യരോട് ദൈവം എപ്രകാരം സംസാരിക്കണമെന്നല്ല, പിന്നെയോ അവർ അവനെ ത്യജിക്കയും, അവരുടെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള അവരുടേതായ വിഗ്രഹങ്ങളെ പിൻതുടർന്നു കൊൺടേയിരിക്കുന്നുവെന്നുമാണ്. അതു നിമിത്തം യേശു കൊൺടു വരുന്നതായ ദൈവ രാജ്യത്തിന്റെ സൗഖ്യമാക്കലിന്റെ അനുഗ്രഹങ്ങൾ അവർ നഷ്ടപ്പെടുത്തുന്നു.

1. ശതാധിപൻ ഒരു റോമ സൈനീക ഉദ്യോഗസ്ഥനായിരുന്നു. യഹൂദന്മാരെ ഭരിച്ചിരുന്ന വിദേശീയരായിരുന്നു റോമാക്കാർ. താഴെ പറയുന്നവരെപ്പറ്റി ശതാധിപൻ എന്തു ധാരണ കാണിച്ചു?
   - (a) അവന്റെ ദാസനെപ്പറ്റി (വാ.2).
     ..........................................................................................................................
   - (b) യഹൂദന്മാരായ അയൽക്കാരെപ്പറ്റി (വാ.5).
     ..........................................................................................................................
   - (c) യേശുവിനെപ്പറ്റി (വാ. 6).
     ..........................................................................................................................
   - (d) യേശുവിന്റെ ശക്തിയെപ്പറ്റി (വാ. 7,8).
     ..........................................................................................................................

2. 13, 14 എന്നീ രൺടു ചെറു വാക്യങ്ങളിൽ തന്നെപ്പറ്റിയുള്ള പ്രധാനപ്പെട്ട രൺടു കാര്യങ്ങൾ യേശു വെളിപ്പെടുത്തുന്നു.
   - (a) അവന്റെ ..........................................................................................................
   - (b) അവന്റെ ..........................................................................................................

3. രോഗികളെ സൗഖ്യമാക്കുന്നതിലും ഭൂതങ്ങളെ പുറത്താക്കുന്നതിലും തന്റെ ശക്തി യേശു ഇതിനു മുമ്പ് കാണിച്ചല്ലോ. അവന്റെ ശക്തിയെപ്പറ്റി ഇവിടുത്തെ–
   - (a) ഒന്നാമത്തെ കഥയിൽ ...........................................................................................
   - (b) രൺടാമത്തെ കഥയിൽ ...........................................................................................

     എന്തു പുതിയ കാര്യങ്ങൾ നാം പഠിക്കുന്നു?

4. മനുഷ്യന്റെ അന്ത്യ ശത്രുവാണ് മരണം. മരണത്തേയും ജീവന്റേയും താക്കോലുള്ളവൻ ഇതാ ഇവിടെയുൺട്. ബാല്യക്കാരന്റെ ഉയിർപ്പിക്കൽ ജനങ്ങളിലുൺടാക്കിയ പ്രതികരണം ഏതു വാക്യങ്ങളിൽ നാം കാണുന്നു?
   ..........................................................................................................................

5. യോഹന്നാൻ സ്നാപകൻ ഈ സമയത്ത് എവിടെയായിരുന്നുവെന്ന വസ്തുത മൂന്നാം അദ്ധ്യായത്തിൽ ഏതു വാക്യത്തിലാണ് നാം വായിക്കുന്നത്?

..........................................................................................................................................

6. വാക്യം 20–ൽ യോഹന്നാന്റെ ശിഷ്യന്മാർ ചോദിച്ച ചോദ്യത്തിന്റെ അർത്ഥം "പഴയ നിയമത്തിൽ വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന മശിഹ നീ തന്നെയാണോ" എന്നായിരുന്നു.

(a) യേശു ഇതിനെപ്പറ്റി 4–ാം അദ്ധ്യായത്തിൽ എവിടെ പറഞ്ഞിരിക്കുന്നു?

..........................................................................................................................................

(b) "അതേ നിങ്ങൾ വിശ്വസിക്കുക" എന്ന് നേരെയുള്ള ഉത്തരം അവൻ നൽകിയോ?

..........................................................................................................................................

(c) യേശു തന്നെപ്പറ്റി പറഞ്ഞ വാക്കുകൾ നിമിത്തമല്ല, വിപരീതമായിട്ട് .................. .............................................................................. നിമിത്തമാണ് അവർ അതിനെപ്പറ്റി തീരുമാനം എടുക്കേണ്ടത്.

(d) ആരുടെ സഹായിയും സൗഖ്യദായകനും ആണ് താനെന്ന് യേശു കാണിച്ചു?

..........................................................................................................................................

